# ‘ദൈവത്തെ പ്രസാദിപ്പിക്കുക’

## 2 കൊരിന്ത്യർ 5:9

**“അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു.”**

ദൈവം നമുക്കൊരു ജീവിതം തന്നിട്ടുണ്ടെങ്കിൽ അത് ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കാനാണ്. പൗലൂസ് അപ്പോസ്ഥലൻ നമ്മോടു പറയുന്നത് “നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ” എന്നാണ്. നമ്മുടെ ആരാധനയിലാണ് ദൈവം പ്രസാദിക്കുന്നത്.

നാം നമ്മെതന്നെയാണ് യാഗമായി സമർപ്പിക്കേണ്ടത്. നമുക്കു തന്നിരിക്കുന്ന ശരീരം കൊണ്ട് ദൈവത്തെ ആരാധിക്കുമ്പോൾ ജീവൻ വേണം, വിശുദ്ധി വേണം. യാഗ വസ്തുവിന് ജീവനും വിശുദ്ധിയും വേണം. മരിച്ചതിനെ കൊണ്ടുവന്നല്ല യാഗം അർപ്പിക്കുന്നത്. യാഗവസ്തുവിന് ജീവനുള്ളതായിരിക്കണം. വെളിപ്പാട് 3:1 ൽ സർദ്ദിസിലെ സഭയോടു കർത്താവു പറയുന്നത് “ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു”. ഇങ്ങനെ മരിച്ച അവസ്ഥയിൽ ഇരുന്നല്ല ദൈവത്തെ ആരാധിക്കേണ്ടത്. ആത്മാവിൽ ശക്തിപ്പെട്ടാണ് അവനെ ആരാധിക്കേണ്ടത്. അതിലാണ് ദൈവം പ്രസാദിക്കുന്നത്.

യാഗവസ്തുവിന് വിശുദ്ധി വേണം. ഊനമുള്ളതിനെകൊണ്ടല്ല യാഗം കഴിക്കേണ്ടത്. ഊനമില്ലാത്തതിനെ അർപ്പിക്കേണം. പാപാവസ്ഥയിൽ ഇരുന്നുകൊണ്ടല്ല ദൈവത്തെ ആരാധിക്കേണ്ടത്. നമ്മുടെ പാപത്തെ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കണം. വിശുദ്ധി പ്രാപിക്കണം. വിശുദ്ധിയോടെ വേണം ദൈവത്തെ ആരാധിക്കാൻ. അതിൽ ദൈവം പ്രസാദിക്കും.

എന്തുകൊണ്ടാണ് നാം ദൈവത്തെ പ്രസാദിപ്പിക്കുന്നത്?

1. നമ്മുടെ വിവാഹനിശ്ചയം കഴിഞ്ഞതാണ്

**2 കൊരിന്ത്യർ 11:2** – ***ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു.***

വിവാഹനിശ്ചയം കഴിഞ്ഞവർ മണവാളനെ പ്രസാദിപ്പിക്കുന്നവരായി വേണം ജീവിക്കാൻ.

2. അവൻ നമ്മെ വിലയ്ക്കു വാങ്ങിയിരിക്കയാണ്.

**1 കൊരിന്ത്യർ 6:19** – ***ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?***

ദൈവം തന്റെ വിലയേറിയ രക്തം കൊടുത്ത് നമ്മെ വിലയ്ക്കു വാങ്ങിയിരിക്കയാണ്. നാം ക്രിസ്തുവിന്റെ വകയാണ്. അതുകൊണ്ട് നാം ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടു ജീവിക്കേണ്ടവരാണ്.

3. ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ തിരഞ്ഞെടുത്തവരാണ്.

**എഫെസ്യർ 1:4–5** – ***നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരു ഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ.***

യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുത്തതാണ്. സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും അനുഗ്രഹിച്ചിരിക്കുകയാണ്. അവന്റെ ഇഷ്ടപ്രകാരം നാം അപേക്ഷിക്കുന്നതൊക്കെയും നമുക്കു തരുന്നവനായ ദൈവത്തെ പ്രസാദിപ്പിച്ചു കൊണ്ടു ജീവിക്കണം.

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ ഇരിക്കുന്നതുകൊണ്ട് അവനെ പ്രസാദിപ്പിച്ച് ജീവിക്കാം.

പരാമർശം :

എബ്രായർ 13:15,16

അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. നന്മചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുതു. ഈവക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നതു..

സിസ്റ്റർ ലാലി സലിം ജേക്കബ് പുതുപ്പള്ളി 002